"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പാൾ/ ജോയിന്റ് ഡയറക്ടർ/ സ്പെഷ്യൽ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2323/2024/H&FWD തീയതി,തിരുവനന്തപുരം, 01-10-2024

---

പരാമർശം:-

1. 07/12/1991- ലെ സ.ഉ(പി).നം.39/1991/ഉ.ഭ.പ.വ.
2. 10/12/2004- ലെ സ.ഉ(പി).നം.20/2004/ഉ.ഭ.പ.വ.
3. 27/02/2023- ലെ സ.ഉ(സാധാ).നം.468/2023/ആ.കു.വ.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 22/09/2024- ലെ എഫ്4-2383/2020/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രൊഫസർമാരുടെ പരാമർശം (3) സീനിയോരിറ്റി ലിസ്റ്റിൽ 146- ാമതായി ഉൾപ്പെട്ടിട്ടുള്ള പീഡിയാട്രിക്സ് വിഭാഗം പ്രൊഫസറായ ഡോ. അജിത് കുമാർ വി.ടി,പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ/ സ്പെഷ്യൽ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 27/08/2024 മുതൽ രണ്ട് വർഷത്തേയ്ക്ക് താൽകാലികമായി പരിത്യജിക്കുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ടെന്നും, അതിനാൽ പ്രസ്തുത സമ്മതപത്രം പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളണമെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1,2 ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പ്രിൻസിപ്പാൾ/ ജോയിന്റ് ഡയറക്ടർ/ സ്പെഷ്യൽ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 27/08/2024 മുതൽ രണ്ട് വർഷത്തേയ്ക്ക് താൽക്കാലികമായി പരിത്യജിക്കുന്നതിന് പീഡിയാട്രിക്സ് വിഭാഗം പ്രൊഫസറായ ഡോ. അജിത് കുമാർ വി.ടി. ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്കും (ഡി.എം.ഇ മുഖാന്തരം)

ഡോ. അജിത് കുമാർ വി.ടി., പ്രൊഫസർ, പീഡിയാട്രിക്സ് വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്,

തൃശ്ശൂർ (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയേറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/173/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 01-10-2024 13:12:28